(ഡി) കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുമ്പേ തന്നെ തിരുവിതാംകൂറിലും തിരുകൊച്ചിയിലും വനിതാ പോലീസ് നിലവിലുണ്ടായിരുന്നു.

(ഇ)&(എഫ്) ഉണ്ട്.

ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കണമെന്നുള്ളകാര്യം പരിഗണയിലുണ്ട്. ഇതു സംബന്ധിച്ച നടപടികളെടുത്തുവരുന്നു.

(ജി) പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം 10 ശതമാനമാക്കി ഉയർത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനായി നിലവിലുള്ളവർക്ക് പുറമെ 3500-ഓളം വനിതകളെ കോൺസ്റ്റബിൾമാരായി റിക്രൂട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യപടിയായി വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് 902 പേരെ റിക്രൂട്ട് ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ടു നിയമനം നടത്തുന്നതിലേക്കായി നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു സിറ്റികളിലും വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. 17 പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പിയുടെ ചുമതലയിൽ വനിതാ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ഓരോ വനിതാ യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. വനിതാ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**5 (*285) റേഷൻ സബ്സിഡി നയം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി പരിമിതപ്പെടുത്തുന്നതിനോ വെട്ടിക്കുറയ്ക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റേഷൻ സബ്സിഡി നൽകുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്രപേർക്ക് റേഷൻ സബ്സിഡി നൽകുന്നുണ്ട് എന്ന് അറിയിക്കുമോ;

(ഇ) സബ്സിഡി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റേഷൻ സബ്സിഡി നൽകുന്നതിന് പ്രതിമാസം എന്തു തുക സർക്കാരിന് ചെലവാകുന്നുണ്ടെന്ന് അറിയിക്കുമോ;

(ജി) റേഷൻ സബ്സിഡി നൽകുന്നതിലുള്ള പരാതികൾ തീർക്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുമാത്രം സബ്സിഡി നൽകുന്നതിനും കർശനമായ നിർദ്ദേശം നൽകുമോ;

(എച്ച്) റേഷൻ സബ്സിഡി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുവാൻ ആവശ്യപ്പെടുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ 61,18,293 കാർഡുടമകൾക്ക് റേഷൻ സബ്സിഡി നൽകുന്നുണ്ട്.

(ഇ) ഇതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

(എഫ്) റേഷൻ സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിമാസം 9.50 കോടിയോളം രൂപ ചെലവാകുന്നുണ്ട്.

(ജി) റേഷൻ സബ്സിഡി നൽകുന്നകാര്യത്തിൽ പരാതി ഉണ്ടെങ്കിൽ അതു പരിശോധിച്ച് തീരുമാനം കൈക്കൊള്ളുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(എച്ച്) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കേന്ദ്രം കണ്ടെത്തിയ 25.43% കാർഡുടമകൾക്ക് കേന്ദ്ര വിൽപ്പനവിലയുടെ പകുതി വിലയ്ക്ക് പ്രതിമാസം 10 കിലോഗ്രാം അരി വീതം വിതരണം നടത്തുന്നതിനുള്ള സബ്സിഡി കേന്ദ്രം നൽകുന്നുണ്ട്. ബാക്കി 16.57% കുടുംബങ്ങൾക്ക് സംസ്ഥാന ഗവൺമെന്റാണ് സബ്സിഡി നൽകുന്നത്. മറ്റു നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**6. (*286) കാലാവധി കഴിഞ്ഞ മരുന്നുകൾ**

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും ലക്ഷക്കണക്കിനു രൂപയുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly